പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1765

04.10.2016 - ൽ മറുപടിക്ക്

# ഉണർവ് പദ്ധതി

**ചോദ്യം**

ശ്രീ.എ.പി. അനിൽ കുമാർ
,, പി.ടി. തോമസ്
,, ഐ.സി.ബാലകൃഷ്ണൻ
,, അൻവർ സാദത്ത്

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഉണർവ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഉണർവ്വ് 2012 തീവ്രയത്ന പരിപാടി 15.03.2012 മുതൽ 31.12.2013 വരെയാണ് നടപ്പിലാക്കിയിട്ടുള്ളത്. ടി പദ്ധതി ഇപ്പോൾ നിലവിലില്ലാത്തതാണ്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്, വിവരിക്കുമോ; | (ബി) | സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞുവച്ചിട്ടുള്ളതും, ദീർഘകാലമായി ഈടാക്കാതെയും കൊട്ടത്ത് തീർക്കാതെയും നിൽക്കുന്ന തുകകൾ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് വേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. |
| (സി) | ആഡിറ്റ് നടത്തിയിട്ടുള്ളതും കുടിശിഖ ഈടാക്കാതെയും കൊട്ടുത്തു തീർക്കാതെയും നില്ക്കുന്ന തുകകൾ നിയമാനുസൃത ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ നടപ്പാക്കിയിട്ടുണ്ട്; | (സി) | പദ്ധതിയുടെ ഭാഗമായി സംഘം/ബാങ്കുകളുടെ പൊതുയോഗം അംഗീകരിച്ച് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവരടങ്ങുന്ന ജില്ലാതല കമ്മിറ്റികൾ പരിശോധിച്ച് അംഗീകരിക്കാൻ കഴിയുന്നവ അംഗീകരിക്കുകയും, അംഗീകരിക്കാൻ കഴിയാത്ത പ്രൊപ്പോസലുകൾ സഹകരണ സംഘം രജിസ്ട്രാർ അദ്ധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റി മുമ്പാകെ പരിഗണനയ്ക്കായി സമർപ്പിച്ച് അന്തിമ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതിയിലൂടെ എത്ര കോടി രൂപയുടെ എത്ര പ്രൊപ്പോസലുകൾ അംഗീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും, ദീർഘകാലമായി ഈടാക്കാതെയും കൊടുത്തു തീർക്കാതെയും നിൽപ്പുള്ളതിൽ, സംസ്ഥാനത്തൊട്ടാകെ 29234.12 ലക്ഷം രൂപയുടെ 2512 പ്രൊപ്പോസലുകൾ അംഗീകരിച്ചിട്ടുണ്ട്. |

Renju

സെക്ഷൻ ഓഫീസർ